# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.294 7.8.2017-ൽ മറുപടിയ്ക്ക്

### പരിയാരം ആയുർവേദ കോളേജ്

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | രജത ജൂബിലി ആഘോഷിക്കുന്ന കണ്ണൂർ ജില്ലയിലെ പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജിൽ പുതുതായി അനുവദിച്ച പി.ജി.കോഴ്സുകൾ ഏതൊക്കെയാണ്; ഈ കോഴ്സുകൾ എപ്പോൾ ആരംഭിക്കാൻ കഴിയും; | (എ) | രജതജൂബിലി ആഘോഷിക്കുന്ന കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിൽ ശല്യതന്ത്ര, ശാലാക്യതന്ത്ര, രസശാസ്ത്ര & ഭൈഷജ്യകൽപ്പന എന്നീ മൂന്ന് വിഷയങ്ങളിൽ പുതുതായി പി.ജി.കോഴ്സുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പി.ജി.കോഴ്സുകൾ ആരംഭിക്കുന്നതിന് കേരള ആരോഗ്യ സർവ്വകലാശാലയുടേയും കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റേയും അനുമതി ആവശ്യമാണ്. അനുമതി ലഭിക്കുന്ന മുറയക്ക് പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ കഴിയും. |
| (ബി) | പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജിന്റെ സമഗ്ര വികസനത്തിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ബി) | കണ്ണൂർ ആയുർവേദ കോളേജിൽ ബി.എ.എം.എസ്. സീറ്റുകളുടെ എണ്ണം 40-ൽ നിന്നും 60 ആക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ആയുഷ് വകുപ്പിന്റെ അനുമതിക്കായി അപേക്ഷ സമർപ്പിച്ചത് പ്രകാരം സി.സി.ഐ.എം. പരിശോധകർ കോളേജിലും ആശുപത്രിയിലും പരിശോധിച്ച് കേന്ദ്ര ആയുഷ് വകുപ്പിന് റിപ്പോർട്ടുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള ക്രിയാശരീര, രോഗനിദാന പി.ജി.കോഴ്സുകൾക്ക് 2 സീറ്റ് വീതം |

| | | | |
|---|---|---|---|
| | | | ഉയർത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിൽ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 2017-18 വർഷത്തെ ബജറ്റിൽ സർക്കാർ റവന്യൂ ശീർഷകത്തിൽ 550 ലക്ഷം രൂപയും മൂലധന ശീർഷകത്തിൽ 150 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. റവന്യൂ ശീർഷകത്തിൽ അനുവദിച്ച തുക ഉപയോഗിച്ചുകൊണ്ട് കോളേജിലും ആശുപത്രിയിലും ആവശ്യമായ ഉപകരണങ്ങൾ, കെമിക്കലുകൾ, ഫർണ്ണിച്ചറുകൾ, ലൈബ്രറി പുസ്തകങ്ങൾ, ആശുപത്രിയിലേയ്ക്കാവശ്യമായ ആയുർവേദ മരുന്നുകൾ എന്നിവ വാങ്ങിക്കുന്നതിനും നവീകരണ പ്രവൃത്തികൾക്കും വേണ്ടിയും ചെലവഴിക്കുന്നതാണ്. കൂടാതെ മൂലധന ശീർഷകത്തിൽ അനുവദിച്ച തുക ഉപയോഗിച്ചുകൊണ്ട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി കെട്ടിടം, ആർ.എം.ഒ., സൂപ്രണ്ട് എന്നിവരുടെ വസതികൾ തുടങ്ങിയവയുടെ നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതാണ്. അതോടൊപ്പം അക്കാദമിക് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ